'ജലം ജീവാമൃതം'

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

വിഷയം:-കേരള വാട്ടർ അതോറിറ്റി - എസ്റ്റാബ്ലിഷ്മെൻറ് - വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് റീജിയണൽ ചീഫ് എഞ്ചിനീയർ കാര്യാലയത്തിലേയും സൂപ്രണ്ടിംഗ് എഞ്ചിനീയർ കാര്യാലയത്തിലേയും കേന്ദ്രകാര്യാലയത്തിലെ റവന്യൂ മോണിറ്ററിംഗ് സെല്ലിലേയും അക്കൗണ്ട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 6510/E1/2020/കെ ഡബ്ല്യു എ (I) തീയതി, തിരുവനന്തപുരം, 05.08.2020

---

സൂചന:- 08.07.2020-ന് ഭരണ നിർവ്വഹണ വിഭാഗവുമായി മാനേജിംഗ് ഡയറക്ടർ നടത്തിയ വീഡിയോ കോൺഫറൻസിൻറെ നടപടി കുറിപ്പ്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് റീജിയണൽ ഓഫീസ്, സർക്കിൾ ഓഫീസ്, കേന്ദ്രകാര്യാലയത്തിലെ റവന്യൂ മോണിറ്ററിംഗ് സെൽ എന്നീ ഓഫീസുകളിലെ അക്കൗണ്ട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിന് 08.07.2020-ന് ഭരണ നിർവ്വഹണ വിഭാഗവുമായി മാനേജിംഗ് ഡയറക്ടർ നടത്തിയ വീഡിയോ കോൺഫറൻസിൽ നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് എല്ലാ റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയത്തിലേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കാര്യാലയത്തിലേയും അക്കൗണ്ട്സ് ഓഫീസർമാരെയും ,ഡിവിഷൻ ഒഫിസുകളിൽ റവന്യൂഓഫീസർമാരെയും ( റവന്യൂഓഫീസർമാർ ഇല്ലാത്ത ഓഫിസുകളിൽ ഡിവിഷണൽഅക്കൗണ്ട്സ് ഓഫീസർ/ചുമതലവഹിക്കുന്നവർ) കേന്ദ്രകാര്യാലയത്തിലെ റവന്യൂ മോണിറ്ററിംഗ് സെല്ലിലെ അക്കൗണ്ട്സ് ഓഫീസറേയുംചുമതലപ്പെടുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത പരാതികൾ പരിഹരിച്ച് ടി പരാതിയുടെ മറുപടി അതാത് ഓഫീസുകൾ നേരിട്ട് പരാതിക്കാരന് നൽകേണ്ടതും തീർപ്പാക്കിയ നടപടിക്രമത്തിൻറെ പകർപ്പ് കേന്ദ്രകാര്യായത്തിലെ ഭരണ നിർവ്വഹണ വിഭാഗത്തിലേയ്ക്ക് നൽകേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

എല്ലാ ചീഫ് എഞ്ചിനീയർമാരുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമരുടേയും ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർമാർക്കും കേന്ദ്രകാര്യാലയത്തിലെ റവന്യൂ മോണിറ്ററിംഗ് സെല്ലിലെ അക്കൗണ്ട്സ് ഓഫീസർക്കും.

ഉത്തരവിന്റെ പകർപ്പ്

പി.എ ടു എം.ഡി/ടി.എ ടു ടി.എം..സിഎ ടു ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ)/ഡി.സി.ഇ (ജനറൽ)/സീനിയർ എ.ഒ.അക്കൗണ്ടസ് ഓഫീസർ(അഡ്മിൻ)/ജെ.എസ്(എസ്റ്റാ)/ഓഫീസ് പകർപ്പ്.

Draft #9 of File 6510/E1/2020/KWA Approved by Chief Engineer (HRD&GL) on 05-Aug-2020 12:28 PM - Page 1

The document is digitally approved. Hence signature is not needed.